KSWMP
KERALA SOLID WASTE MANAGEMENT PROJECT

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

മാലിന്യമുക്ത നവകേരളത്തിനായി
ശുചിത്വ കേരളം സുസ്ഥിര കേരളം

ശുചിത്വത്തിന്റെ കുഞ്ഞുഹീറോസ്



കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP)

/ keralaswmp
KERALA SOLID WASTE MANAGEMENT PROJECT

www.kswmp.org

സന്ദേശം



ശ്രീ. പിണറായി വിജയൻ

ബഹു. കേരള മുഖ്യമന്ത്രി
അധ്യക്ഷൻ, നവകേരളം
കർമ്മപദ്ധതി

കേരള ഖരമാലിന്യപരിപാലന പദ്ധതിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ശുചിത്വത്തിന്റെ കുഞ്ഞുഹീറോസ് എന്ന ഈ പുസ്തകം മാലിന്യപരിപാലനത്തിൽ പങ്കാളികളാകുന്ന ഓരോ കുട്ടിക്കുമുള്ള ആദരവാണ്. അവരുടെ ചെറിയ ചുവടുകൾ വലിയ മാറ്റത്തിന് തുടക്കം കുറിക്കുകയാണ് എന്ന് നാം മനസിലാക്കുന്നു. അത് നാടിനോടുള്ള പ്രതിബദ്ധതയുടെ അടയാളമാണ് എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ പുസ്തകം പങ്ക് വയ്ക്കുന്നത്.

നമ്മുടെ നാടിനെ ശുദ്ധവും സുന്ദരവുമായി നിലനിർത്തുന്നതിന്റെ ആവശ്യകത കുഞ്ഞുങ്ങൾ മനസിലാക്കുന്നതും അതിനായി അവർ കാണിക്കുന്ന ഉത്തര വാദിത്വവും മുതിർന്നവർക്കും മാതൃകയാണ്.

മാലിന്യങ്ങൾ യഥാസമയം ശരിയായ രീതിയിൽ തരം തിരിക്കുക, പുനരുപയോഗത്തിനും പുനഃചക്രീകരണത്തിനും മുൻഗണന നൽകുക എന്നിങ്ങനെ എല്ലാ മേഖലകളുടേയും പ്രാധാന്യം തിരിച്ചറിഞ്ഞ് കരുതലോടെയാണ് അവർ പ്രവർത്തിക്കുന്നത്. മാലിന്യപരിപാലനത്തിന് അവരുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ നമുക്ക് മാത്രമല്ല, ഭാവി തലമുറയ്ക്കും ഒരു മാതൃകയാകും.അവരൊന്നിച്ചുനിൽക്കുമ്പോൾ, ശുചിത്വവും പരിസ്ഥിതി സംരക്ഷണവും ഒരു സ്വപ്ന സാക്ഷാത്കാരമായി മാറുന്നു.

കുട്ടികളുടെ കരങ്ങളിൽ നിന്ന് ആരംഭിക്കുന്ന ഈ ദൗത്യം മാലിന്യമുക്ത നവകേരളത്തിന് അടിത്തറയായി മാറും എന്ന വിശ്വാസത്തോടെ എല്ലാ ആശംസകളും നേരുന്നു.

ആശംസകളോടെ

പിണറായി വിജയൻ

സന്ദേശം



ശ്രീ. എം. ബി. രാജേഷ്

തദ്ദേശ സ്വയംഭരണം,
ഗ്രാമവികസനം,
എക്സൈസ് വകുപ്പ് മന്ത്രി

മാലിന്യപരിപാലനവും പ്രകൃതിസംരക്ഷണവും ദിനചര്യയുടെ ഭാഗമാക്കിയ കുട്ടികളുടെ പ്രവൃത്തികളെ തങ്കലിപികളാൽ അടയാളപ്പെടുത്തുന്ന ഒന്നാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി പ്രസിദ്ധീകരിക്കുന്ന 'ശുചിത്വത്തിന്റെ കുഞ്ഞു ഹീറോസ്' എന്ന ഈ പുസ്തകം. ഇതിലെ ഓരോ കഥയും വെറും കഥകളല്ല, കുട്ടികൾ ചെറിയ പ്രവർത്തനങ്ങളിലൂടെസമൂഹത്തിലും പരിസ്ഥിതിയിലും ഏർപ്പെടുത്തുന്ന വലിയ മാറ്റങ്ങളുടെ അവശേഷിപ്പുകളാണ്.

മാലിന്യ സംസ്കരണത്തിന്റെയും ശുചിത്വത്തിന്റെയും പ്രാധാന്യം മനസിലാക്കി പ്രവർത്തിക്കുമ്പോൾ അവർ നമ്മുടെ സമൂഹത്തിന്റെ ഭാവിയെ തന്നെ മാറ്റുകയാണ്. മാലിന്യമുക്ത നവകേരളം സാധ്യമാകുന്നത് അവരിലൂടെയാണ് എന്ന് തെളിയിക്കുകയാണ്. ഈ കുഞ്ഞുകരങ്ങളെ മാതൃകയാക്കിക്കൊണ്ട് നമുക്ക് ഓരോരുത്തർക്കും ഒരു വലിയ ദൗത്യത്തിനായി പ്രവർത്തിക്കാം.

ഇവരുടെ ശുദ്ധമായ മനസ്സും ആത്മാർത്ഥമായ സമർപ്പണവും നവകേരളത്തിലേക്കുള്ള വഴി തെളിയിക്കുന്ന ജ്വലിക്കുന്ന വിളക്കുകളാണ്. 'ശുചിത്വത്തിന്റെ കുഞ്ഞു ഹീറോസ് ' ഒരു തുടക്കമാണ്, സമാനതകളില്ലാത്ത നവകേരളത്തിന്റെ ഉണർവിനായുള്ള തുടക്കം.

ആശംസകളോടെ



എം. ബി. രാജേഷ്

സന്ദേശം



ഡോ. ടി. എൻ. സീമ

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2, ഉപാധ്യക്ഷ, ഹരിതകേരളം മിഷൻ

ഒരു ചുവടും ചെറുതല്ല, അവ ഓരോന്നും ഭാവിയിലേക്കുള്ള വലിയ ലക്ഷ്യത്തിന്റെ ചെറിയ തുടക്കങ്ങളാണെന്ന ഓർമ്മപ്പെടുത്തലാണ് കേരള ഖരമാലിന്യപരിപാലനപദ്ധതി പ്രസിദ്ധീകരിക്കുന്ന 'ശുചിത്വത്തിന്റെ കുഞ്ഞു ഹീറോസ് ' എന്ന ഈ പുസ്തകം.

മാലിന്യമുക്ത നവകേരളത്തിലേക്കുള്ള നമ്മുടെ കഠിന പരിശ്രമങ്ങൾക്കും, ഓരോ പ്രവർത്തികൾക്കും കാവലാവുകയാണ് ശുചിത്വദൗത്യം പേറുന്ന ഈ കുഞ്ഞുമാലാഖമാർ. അവരുടെ അനുകരണീയ സംഭാവനകളെ വരച്ച് കാട്ടുന്ന ഒന്നാണ് ഈ പുസ്തകം. ഇതിലൂടെ മാലിന്യസംസ്കരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രാവർത്തികമായി നടപ്പിലാക്കുന്ന കുട്ടികളുടെ കഥകൾ സമൂഹത്തിനായി പങ്കുവയ്ക്കുന്നു.

കുടുംബവും സ്കൂളും സമൂഹവും അവർക്കൊപ്പം നിലകൊണ്ടപ്പോഴാണ് കുട്ടികൾ ശുചിത്വവത്കരണത്തിന്റെ നായകരായി മാറിയത്. മാലിന്യപരിപാലനത്തിന്റെ മികച്ച മാതൃകകൾ തനിമയോടെ ലോകത്തിന് മുന്നിൽ പ്രദർശിപ്പിച്ചുകൊണ്ട്, ഈ കുഞ്ഞു ഹീറോകൾ നമുക്കെല്ലാവർക്കും ശുചിത്വ കേരളത്തിന്റെ വലിയ പ്രതീക്ഷകളായിത്തീർന്നിരിക്കുകയാണ്, അവരുടെ കൈകളിൽ മാലിന്യമുക്തനവകേരളം സാധ്യമാകുമെന്ന വലിയ സന്ദേശവും അവർ പകരുന്നു.

ആശംസകളോടെ

ടി. എൻ. സീമ

അവതാരിക



ഡോ. ദിവ്യ. എസ്. അയ്യർ
ഐ. എ. എസ്

പ്രോജക്ട് ഡയറക്ടർ
KSWMP

ശുചിത്വത്തിന്റെ കുഞ്ഞുഹീറോസ് എന്ന ഈ പുസ്തകം നിങ്ങളിലേക്ക് എത്തിക്കുന്നതിലുള്ള സന്തോഷം ആദ്യം തന്നെ അറിയിക്കട്ടെ. കാരണം, ഈ പുസ്തകം മാലിന്യപരിപാലനം എന്ന വലിയ വിഷയത്തിൽ പങ്കാളികളായ നമ്മുടെ കൊച്ചു കുഞ്ഞുങ്ങളെ കുറിച്ചുള്ളതാണ്. ശുചിത്വവും മാലിന്യപരിപാലനവും സമൂഹത്തിന്റെ പുരോഗതിക്കും പരിസ്ഥിതിയുടെ സംരക്ഷണത്തിനും അനിവാര്യമാണെന്ന ചിന്ത ഈ തലമുറ മനസിലാക്കുന്നതിലും അത്തരം പ്രവർത്തികളിൽ കരുതലോടെ നിന്ന് പോരാടുന്നവരാകുന്നതിലും വലിയ അഭിമാനമുണ്ട്.

ഈ പുസ്തകത്തിലൂടെ മാലിന്യപരിപാലനത്തിലെ അവരുടെ പങ്ക് വെളിവാക്കുകയും, അവർ ഓരോ ദിവസവും ചെയ്യുന്ന ചെറിയ പ്രവർത്തനങ്ങൾ എത്രത്തോളം മഹത്തരമാണെന്ന് നമ്മെ ഓർമിപ്പിക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളുടെ ഈ ചെറിയ പ്രവർത്തികൾ ഭാവിയിലെ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

കുഞ്ഞുങ്ങളുടെ കൈകളിലേക്കുള്ള ഒരു നിർമ്മലമായ സമ്മാനം മാത്രമല്ല, അവരുടെ പ്രചോദനത്തിലൂടെ മുതിർന്നവർക്കും ശുചിത്വപ്രവർത്തനങ്ങളിൽ സജീവമായ പങ്കാളികളാകാനുള്ള പ്രേരണയായി ഈ പുസ്തകം മാറുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഓരോ കുഞ്ഞും കുടുംബവും ഒരുമിച്ചുചേർന്ന് ശുചിത്വസുന്ദരമായ നാടിനെ വാർത്തെടുത്ത്, സംസ്ഥാനസർക്കാരിന്റെ നേതൃത്വത്തിൽ മാലിന്യമുക്ത നവകേരളം സൃഷ്ടിക്കാം.

ആശംസകളോടെ



ദിവ്യ. എസ്. അയ്യർ

ഉള്ളടക്കം

തിരുവനന്തപുരം
01 അവധിക്കു അവധിനൽകാതെ

കൊല്ലം
02 പ്രകൃതിക്കായ് പ്രണവ്

പത്തനംതിട്ട
03 ഹരിതാഭമാകുന്ന ജന്മദിനങ്ങൾ

ആലപ്പുഴ
04 കായൽ തെളിനീരിനായി

കോട്ടയം
05 ഇനി ഞാൻ ഒഴുകട്ടെ

ഇടുക്കി
06 വേർതിരിക്കാം വേർതിരിവില്ലാതെ

എറണാകുളം
07 ചിത്രങ്ങൾ വഴികാട്ടുമ്പോൾ

തൃശ്ശൂർ
08 പാഴിനെ പൊന്നാക്കും കരവിരുത്

പാലക്കാട്
09 പാഴല്ല ഒന്നും

മലപ്പുറം
10 മാലിന്യ സംസ്കരണത്തിന്റെ ഗൃഹപാഠം

കോഴിക്കോട്
11 പ്രകൃതിക്ക് കാവലായി ദേവിക

വയനാട്
12 ചുവന്ന മലരുകൾ വിടരുമ്പോൾ

കണ്ണൂർ
13 കരുതലായി കുഞ്ഞു കരങ്ങൾ

കാസർഗോഡ്
14 ശുചിത്വത്തിനായി കുട്ടി സേന

01



തിരുവനന്തപുരം



അവധിക്കു അവധിനൽകാതെ

അവധിദിവസങ്ങളിൽ കളിച്ചുനടക്കുന്നതിനൊപ്പം സ്വന്തം നാടിന് ഉപകാരപ്രദമായ കാര്യങ്ങൾ കൂടി ചെയ്യാൻ സമയം കണ്ടെത്തുകയാണ് തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ കാർത്തിക്കും, കാരുണ്യയും. 12 വയസുകാരിയായ കാരുണ്യയും സഹോദരൻ കാർത്തിക്കും അവധിദിനങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം പെറുക്കി പരിസരം ശുചിയാക്കുകയാണ്. അവധിദിനങ്ങളിൽ തൊഴിലുറപ്പ് ജീവനക്കാരിയായ അമ്മ ഷീബയ്ക്കൊപ്പം അവരും പോകും. പലരും വഴിയരുകിൽ ഉപേക്ഷിച്ച പ്ലാസ്റ്റിക്ക് പെറുക്കി പരിസരം ശുചിയാക്കുക യാണ് ഈ കുട്ടിതാരങ്ങൾ. തങ്ങളുടെ നാടിനെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം തങ്ങൾക്ക് കൂടിയുണ്ടെന്ന് തെളിയിക്കുകയാണ് ഈ കുഞ്ഞുങ്ങൾ. നാടിനൊപ്പം നാട്ടുകാർക്കൊപ്പം നാട് നന്നാക്കുന്ന കാർത്തിക്കിന്റേയും, കാരുണ്യയുടേയും കൈയ്യിൽ മാലിന്യമുക്ത നവകേരളം ഭദ്രമാണ്.









02



കൊല്ലം





പ്രകൃതിക്കായ് പ്രണവ്

ജൈവമാലിന്യം കമ്പോസ്റ്റാക്കി മാറ്റി അതിൽ നിന്ന് ലഭിക്കുന്ന വളം ഉപയോഗിച്ച് കൃഷി ചെയ്യുന്ന ഒരു കുട്ടികർഷകൻ കൊല്ലം അയത്തിൽ ഉണ്ട്. നാലാം ക്ലാസുകാരനായ പ്രണവ് കൃഷ്ണയാണ് നാടിന് മാതൃക യാക്കാവുന്ന പ്രവൃത്തിയുമായി മുന്നിട്ടിറങ്ങിയിരിക്കുന്നത്.

വീട്ടിൽ ഉണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് ജൈവ മാലിന്യം കമ്പോസ്റ്റ് ആക്കി അതിൽ നിന്നും ലഭിക്കുന്ന വളം ഉപയോഗിച്ചാണ് പ്രണവ് കൃഷി ചെയ്യുന്നത്. കഴിഞ്ഞ വർഷത്തെ മാതൃഭൂമി സീഡ് കുട്ടി കർഷകൻ അവാർഡ് പ്രണവിനായിരുന്നു.

കൃഷിത്തോട്ടവും പൂന്തോട്ടവും സംരക്ഷിക്കുകയും ലഭ്യമായ കാർഷിക വിളകൾ ഉച്ചഭക്ഷണത്തിന് സ്കൂളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. കൃഷി വിപുലമാക്കാൻ സ്കൂളിലേക്കും കൂട്ടുകാർക്കും വാഴ, ചേന, ചേമ്പ്, മഞ്ഞൾ എന്നിവയുടെ വിത്ത് നൽകാറുണ്ട്. മാത്രമല്ല, അജൈവ മാലിന്യങ്ങൾ കഴുകി ഉണക്കി പ്രത്യേകം ചാക്കിലാക്കി ഹരിത കർമ്മ സേനയ്ക്ക് നൽകുന്നതിലും ശ്രദ്ധാലുവാണ് പ്രണവ്.









03



പത്തനംതിട്ട


S.N.V.S. HIGH SCHOOL THIRUVALLA

ഹരിതാഭമാകുന്ന ജന്മദിനങ്ങൾ

പിറന്നാൾ ആഘോഷങ്ങൾക്ക് മിഠായി വിതരണം ചെയ്യുന്നതിന് പകരം ഒരു തൈ കൊണ്ടുവന്ന് സ്കൂൾ പരിസരത്ത് നടണം, രാധാ സരോജ് എന്ന ഒൻപതാം ക്ലാസുകാരന്റെ ഈ ചിന്ത മാറ്റി മറിച്ചത് ഒരു സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളേയുമായിരുന്നു. മാലിന്യസംസ്കരണത്തെ കുറിച്ചുള്ള ഒരു അവബോധ ക്ലാസ് കേൾക്കാനിടയായ രാധാസരോജ് തന്റെ പ്രിയപ്പെട്ട അധ്യാപികയുമായാണ് ഈ ചിന്ത പങ്ക് വച്ചത്. ഇതിന് പൂർണ പിന്തുണ നൽകിയ അധ്യാപിക രാധാസരോജിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ ഒരു ഹരിതസഭ രൂപീകരിച്ചു. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്കൂളിൽ ഊർജിതമാക്കാനും എല്ലാ വിദ്യാർത്ഥികളേയും അത്തരം പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരാനും അവൻ പരിശ്രമിച്ചു. അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള ബിന്നുകളും ഭക്ഷണ അവശിഷ്ടങ്ങൾ നിക്ഷേപിക്കാനുള്ള കമ്പോസ്റ്റ് ബിന്നുകളും സ്കൂളിൽ സ്ഥാപിച്ചു. ഒരു പാഴ് വസ്തു പോലും അശാസ്ത്രീയമായി സംസ്കരിക്കരുതെന്നും ജൈവ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിച്ച് നമ്മുടെ ഭൂമിയെ രക്ഷിക്കണമെന്നും ഈ കൊച്ചുമിടുക്കൻ പറയുന്നു.









04



ആലപ്പുഴ


HAI

കായൽ തെളിനീരിനായി

മാലിന്യം കുമിഞ്ഞു കൂടുന്നതിലൂടെ കായലും കനാലും വൃത്തിഹീനമാകുന്നതും ആവാസവ്യവസ്ഥ നശിക്കുന്നതുമായ പ്രശ്നങ്ങളിലേക്ക് എല്ലാവരുടെയും ശ്രദ്ധ തിരിക്കുകയാണ് ആലപ്പുഴയിലെ ഒരു കൊച്ചു മിടുക്കി. 2024 ജനുവരിയിൽ പഴയ നിയമസഭാ മന്ദിരത്തിൽ നടന്ന ഗ്രീൻപാർലമെന്റിലാണ് ആലപ്പുഴയിലെ കായലിലും കനാലിലും മാലിന്യം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് 12 വയസുകാരി അരുന്ധതി ആർ നായർ ഒരു പ്രബന്ധം തയ്യാറാക്കി അവതരിപ്പിച്ചത്. ആലപ്പുഴ നഗരസഭ ചെയർപേഴ്സണുമായി ചർച്ച ചെയ്താണ് കായൽ കനാൽ മാലിന്യ പ്രശ്നത്തെക്കുറിച്ചുള്ള പ്രബന്ധം തയ്യാറാക്കിയത്.

കണ്ടു വളർന്ന കായലും കനാലും മലിനപ്പെടുമ്പോൾ മാലിന്യമുക്തമായ ഭാവിക്കായി ഒത്തൊരുമിച്ച് എല്ലാവരും പ്രയത്നിക്കണമെന്ന് ഏഴാംക്ലാസ് വിദ്യാർത്ഥിനിയായ അരുന്ധതി പറയുന്നു. മാലിന്യമുക്തമായ കേരളത്തിനായി സർക്കാരിന്റെ ശ്രമങ്ങൾക്ക് തന്റെ ഈ ചെറിയ പ്രവർത്തനങ്ങൾ മുതൽക്കൂട്ടും മറ്റ് കുട്ടികൾക്ക് പ്രചോദനവും ആകുമെന്ന പ്രതീക്ഷയും ഈ കുട്ടി പങ്കുവയ്ക്കുന്നു.

വാക്കുകളിലൂടെ മാത്രമല്ല സ്വന്തം വീട്ടിലെ മാലിന്യ സംസ്കരണത്തിലൂടെയും മറ്റുള്ളവർക്ക് മാതൃകയാകുകയാണ് അരുന്ധതി. വീട്ടിൽ ഉണ്ടാകുന്ന മാലിന്യങ്ങളിൽ, ജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുകയും അജൈവമാലിന്യം കഴുകി ഉണക്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ചെയ്യുന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും പുനഃരുപയോഗിക്കാവുന്ന വസ്തുക്കൾ പരമാവധി ഉപയോഗിച്ചും മാലിന്യമുക്ത പ്രവർത്തങ്ങളിൽ അരുന്ധതി പങ്കാളിയാകുന്നു. ആലപ്പുഴ ചിന്മയ വിദ്യാലയത്തിലെ ഏഴാംക്ലാസ് വിദ്യാർത്ഥിനിയായ ഈ കുട്ടിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതാപിതാക്കളുടെ പിന്തുണയുണ്ട്.










05
കോട്ടയം



ഇനി ഞാൻ ഒഴുകട്ടെ

ലയമരിയ മനസിൽ ഉറപ്പിച്ചപ്പോൾ ഞീഴൂർ കടുത്തുരുത്തി തോട്ടിൽ പൂവക്കോട് ഭാഗത്തെ മാലിന്യം നീങ്ങാൻ അധിക സമയമെടുത്തില്ല. പൂവക്കോട് കടവിൽ മരം വീണു കിടന്നിരുന്നതിനാൽ അതിന്റെ ചില്ലകളിൽ തട്ടി മാലിന്യം തങ്ങി നിൽക്കുക യായിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ട ലയമരിയ അത് നീക്കം ചെയ്യാൻ തീരുമാനിച്ചു. മാതാപിതാക്കളുടെ പിന്തുണകൂടിയായപ്പോൾ ലയമരിയയ്ക്ക് ജോലി എളുപ്പമായി. കഴുത്തിനൊപ്പം വെള്ളത്തിൽ നീന്തി മാലിന്യമെല്ലാം കരയ്ക്കെത്തിച്ചു ഇതിൽ പ്ലാസ്റ്റിക്കും അറവുമാലിന്യവും ഉൾപ്പടെയുള്ള പാഴ്വസ്തുക്കൾ ഉണ്ടായിരുന്നു. ഈ പ്രവൃത്തിയിലൂടെ ലയമരിയ നാടിനും സ്കൂളിനും അഭിമാനമായി. കേരളസർക്കാരിന്റെ അഭിനന്ദനം അറിയിച്ചുകൊണ്ട് ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ലയയെ ഫോണിൽ വിളിച്ച് അഭിനന്ദനം അറിയിച്ചു.












06
VANAJYOTSNA
PERIYAR
ഇടുക്കി



വേർതിരിക്കാം വേർതിരിവില്ലാതെ

ഇടുക്കി ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനാംഗമായ രജനി മാത്രമല്ല, രജനിയുടെ മകൻ ഹർഷനാഥും ഇന്ന് നാടിന് മാതൃകയാണ്. മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലനം ചെയ്യുന്ന രീതി അമ്മയിൽ നിന്ന് കണ്ടുപഠിച്ച ഹർഷനാഥ് ഒരു ദിവസം അമ്മയ്ക്ക് സർപ്രൈസ് നൽകാനായി മാലിന്യം തരം തിരിക്കുന്ന വീഡിയോ മൊബൈലിൽ ചിത്രീകരിച്ചു. പക്ഷെ, ആ വീഡിയോ സോഷ്യൽമീഡയയിൽ വൈറലാകുമെന്നും രണ്ട് ലക്ഷത്തോളം ആളുകൾ അത് കാണുമെന്നും ഹർഷനാഥ് ചിന്തിച്ചതുപോലുമില്ലായിരുന്നു. ക്ലാസ് ടീച്ചർ സരിത വീഡിയോ കാണുകയും അത് സമൂഹമാധ്യമത്തിൽ പങ്ക് വയ്ക്കുകയും ചെയ്തതോടെയാണ് ഹർഷനാഥ് വീട്ടിലും നാട്ടിലും താരമായത്. അമ്മ ഇടയ്ക്കിടയ്ക്ക് പറയുന്ന പരാതികളിൽ ഒന്നാണ് ആളുകൾ കൃത്യമായ രീതിയിൽ മാലിന്യം തരംതിരിക്കുന്നില്ല അതുമൂലം സമയം വല്ലാതെ നഷ്ടപ്പെടുന്നു അതുകൊണ്ടുതന്നെ ശരിയായ രീതിയിൽ സംസ്കരിക്കാനും സാധിക്കുന്നില്ല. അതുകൊണ്ടാണ് ഈ കൊച്ചുമിടുക്കൻ പ്ലാസ്റ്റിക് മാലിന്യങ്ങൾ എങ്ങനെ തരം തിരിക്കുന്നതെന്നു മറ്റുള്ളവർക്ക് മനസിലാക്കി കൊടുക്കുവാൻ തീരുമാനിച്ചത്. ഹരിത കർമ സേനയ്ക്ക് മാലിന്യം ശാസ്ത്രീയമായി തരംതിരിക്കുന്നതിൽ പരിശീലനം നൽകിയപ്പോൾ അറിഞ്ഞ വിവരങ്ങളും രജനി ഹർഷനാഥിനോട് പങ്കുവച്ചു.

ഒരിക്കൽ അമ്മയ്ക്കൊപ്പം നടന്നു വരുന്ന വഴി ഒരാൾ കാറിൽ നിന്ന് പ്ലാസ്റ്റിക് വലിച്ചെറിയുന്നത് കണ്ട് കാർ നിർത്തിച്ച് പ്ലാസ്റ്റിക് തിരികെ എടുപ്പിച്ചു ഈ കുഞ്ഞു മിടുക്കൻ. 'അമ്മ കഷ്ടപ്പെടുന്നത് കണ്ടൂടെ, മാലിന്യം വലിച്ചെറിയാതിരുന്നൂടെ' എന്നാണ് ആ കാറിലുള്ളവരോട് ചോദിച്ചത്. ഇരട്ടയാർ ശാന്തിഗ്രാം ഗവ. ഹയർസെക്കന്ററി സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥിയാണ് ഹർഷനാഥ്.






07




എറണാകുളം





മാലിന്യം വലിച്ചെറിയരുത്
പുഴയെ മലിനമാക്കരുതേ...
ആൻലിന





ചിത്രങ്ങൾ വഴികാട്ടുമ്പോൾ

നേവൽ ചിൽഡ്രൻസ് സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥിനിയായ ആൻലിന എന്ന പെൺകുട്ടിക്ക് പുഴ എന്നും ഒരു ഹരമായിരുന്നു. കൊച്ചി കോർപറേഷനിലെ ഏരൂരിൽ താമസിക്കുന്ന ആൻലിന എന്നും കണിയാമ്പുഴയുടെ തീരത്തുകൂടിയാണ് സ്കൂളിലേക്ക് പോയിരുന്നത്. എല്ലാ ദിവസവും സ്കൂളിൽ പോകുമ്പോൾ മനോഹരമായ കണിയാമ്പുഴയുടെ സൗന്ദര്യം ആസ്വദിക്കും, പുഴയിലെ തെളി നീരിൽ മുങ്ങാങ്കുഴിയിടുന്ന പരൽ മീനുകൾ പുഴയോരത്തെ കൽക്കെട്ടിലും പൊത്തുകളിലും ഒളിച്ചു കളിക്കുന്ന ഞണ്ടുകൾ, ചീനവലകൾ അവയിൽ നിരയിട്ടിരിക്കുന്ന നീർക്കാക്കകൾ പിന്നെ പുഴയിൽ കണ്ണാടി നോക്കുന്ന മരങ്ങളും തെങ്ങുകളും ഇവയൊക്കെ ആ കുഞ്ഞു മനസിനെ വല്ലാതെ ആകർഷിച്ചിരുന്നു. അപ്പൂപ്പൻ അവൾക്കു വാങ്ങിക്കൊടുത്ത ചെറിയ ക്യാമറയിലൂടെ പുഴയുടെ സൗന്ദര്യം പല സമയങ്ങളിലായി അവൾ ഒപ്പിയെടുത്തിരുന്നു. പക്ഷെ, പിന്നീട് കോവിഡ് മഹാമാരിയുടെ സമയത്ത് നാടൊന്നാകെ വീട്ടിലടച്ചപ്പോൾ പുഴയുടെ സൗന്ദര്യം ആസ്വദിക്കാനും ക്യാമറയിൽ പകർത്താനും ആൻലിനയ്ക്ക് കഴിഞ്ഞിരുന്നില്ല. ലോക്ക്ഡൗണിന് ശേഷമാണ് കണിയാമ്പുഴ മലിനമായ കാഴ്ച അവൾ കാണുന്നത്. പുഴയും, പുഴയുടെ തീരവും നിറയെ പ്ലാസ്റ്റിക് മാലിന്യങ്ങളും അറവുശാലയിലെ മാലിന്യങ്ങളും ചപ്പുചവറുകളും കൊണ്ട് നിറഞ്ഞിരിക്കുന്നു. മീനുകൾ ചത്ത് പൊങ്ങാൻ തുടങ്ങി അതോടൊപ്പം ദുർഗന്ധവും. മലിനമായ കണിയാമ്പുഴയുടെ ചിത്രം ക്യാമറയിൽ പകർത്തി മുൻപ് ആൻലിന എടുത്ത ചിത്രങ്ങളും മുഖ്യമന്ത്രിക്ക് അയച്ചു കൊടുത്തു. ഇത് ശ്രദ്ധയിൽപ്പെട്ട മുഖ്യമന്ത്രി അന്നത്തെ എറണാകുളം ജില്ലാ കളക്ടർ ആയിരുന്ന ജാഫർ മാലിക്കിനെ തുടർനടപടികൾക്കായി ചുമതലപ്പെടുത്തി. കളക്ടർ കുട്ടിയെ നേരിൽ കണ്ട് ഫോട്ടോകൾ നോക്കി കാര്യങ്ങൾ മനസിലാക്കി. മാലിന്യങ്ങൾ തള്ളുന്ന സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് നൽകാൻ ഇറിഗേഷൻ വകുപ്പിനെയും നഗരസഭാ സെക്രട്ടറിയെയും ചുമതലപ്പെടുത്തി. അതിനുശേഷം കൊച്ചിയിലെ വിവിധ സ്കൂൾ വിദ്യാർത്ഥികളെയും കോളേജ് വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി വലിയ രീതിയിലുള്ള ബോധവൽക്കരണ പരിപാടികളും ക്ലീൻ അപ്പ് ഡ്രൈവുകളും സംഘടിപ്പിച്ചു. അങ്ങനെ മലിനമായ പുഴയെ വീണ്ടെടുത്തു. കുഞ്ഞു ആൻലിനയുടെ പ്രയത്നം കൊണ്ട് കണിയാമ്പുഴ പഴയ മനോഹാരിതയിലേക്കു തിരിച്ചു വന്നു. ഇതിനെ തുടർന്ന് വനിതാ ശിശു വികസന വകുപ്പിന്റെ ഉജ്ജ്വല ബാല്യം പുരസ്കാരവും ആൻലിനയെ തേടിയെത്തി. ആൻലിന പിന്നീട് ഈ അനുഭവങ്ങളും എടുത്ത ഫോട്ടോകളും വെച്ച് '**River**' എന്ന പുസ്തകമെഴുതി.








08
തൃശ്ശൂർ



പാഴിനെ പൊന്നാക്കും കരവിരുത്

കുന്നംകുളം മുനിസിപ്പാലിറ്റിയിൽ ഏഴാം വാർഡിലെ സ്വർണ പണിക്കാരനായ കുതുബിന്റെയും ബെൽകിസിന്റെയും മൂത്തമകളാണ് ചെറളയം എച്ച്.സി.സി. ജി.യു.പി സ്കൂളിലെ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുൽസുമ. കുൽസുമ എല്ലാ കാര്യങ്ങളും വിവേകപൂർവം നോക്കി കാണുന്നതിലും പക്വതയോടെ കാര്യങ്ങൾ ചെയ്യുന്നതിലും വളരെ സാമർഥ്യമുള്ളവൾ ആയിരുന്നു. കൽക്കട്ട സ്വദേശികൾ ആയ കുൽസുമയുടെ മാതാപിതാക്കൾ 15 വർഷമായി കേരളത്തിൽ സ്ഥിര താമസക്കാരാണ്.

അഞ്ചാം ക്ലാസ് വാർഷിക പരീക്ഷ പൂർത്തിയാക്കിയ ഒരു അവധി ക്കാലത്താണ് കുൽസുമ ലളിതവും എന്നാൽ ഗഹനവുമായ ഒരു ആശയത്തിൽ എത്തിച്ചേർന്നത്. പഴയ കടലാസുകളും അവൾ ഉപേക്ഷിച്ച പേജുകളും കലാ സൃഷ്ടികളാക്കി മാറ്റാൻ തുടങ്ങി. സമയം കടന്നുപോകാനുള്ള ഒരു ഉപാധി യായിട്ടാണ് ആദ്യം ആരംഭിച്ചത് എങ്കിലും ഉപേക്ഷിക്കപ്പെട്ടവയെ വീണ്ടും ഉപയോഗിക്കാം എന്ന ആശയത്തിൽ അവൾ എത്തിച്ചേർന്നു. ഓരോ സൃഷ്ടിയിലും കുൽസുമ തന്റെ കലാപരമായ കഴിവുകൾ പ്രകടിപ്പിച്ചു. മനോഹരമായ വസ്തുക്കളെ സൃഷ്ടിക്കുന്നതിലുള്ള തന്റെ കരവിരുത് മാലിന്യം കുറയ്ക്കുന്നതിനും ഹരിത ഭാവിയിലേക്ക് സംഭാവന ചെയ്യുന്നതിനുമുള്ള വ്യക്തമായ മാർഗമാണെന്ന് കുൽസുമ തിരിച്ചറിഞ്ഞു.

2023-ൽ, അവളുടെ സ്കൂളിൽ നടന്ന ഓപ്പൺ ഓർഗാനിക് ക്രാഫ്റ്റ് മത്സരത്തിൽ കുൽസുമ ഒന്നാം സമ്മാനം കരസ്ഥമാക്കി. പഴയ പേജുകൾ പുതിയ തുടക്കങ്ങളാക്കി മാറ്റാനുള്ള അവളുടെ സമർപ്പണം സമൂഹത്തിൽ ഒരു മാറ്റത്തിനു കാരണമായി, ഉപേക്ഷിക്കപ്പെട്ടവയെ പാഴാക്കാനുള്ള ആളുകളുടെ സമീപനത്തെ പുനർവിചിന്തനം ചെയ്യാനും ഇത് സഹായിക്കുന്നു.










09
പാലക്കാട്



കെ.ജെ ജീവൻ

പാഴല്ല ഒന്നും

ഇത് ഒരു വിദ്യാർത്ഥിയുടെ കഥയല്ല, ഒരു കൂട്ടം വിദ്യാർത്ഥികൾ തീർത്ത വിജയ ഗാഥയാണ്. ഷൊർണൂർ മഹിർഷി വിദ്യാമന്ദിറിലെ ഒരു കൂട്ടം പ്ലസ്ടു വിദ്യാർത്ഥികളാണ് അവരുടെ വിജയഗാഥ പങ്ക് വയ്ക്കുന്നത്. കെ.ജെ ജീവൻ എന്ന വിദ്യാർത്ഥിയുടെ മനസിൽ തോന്നിയ ഒരു ആശയം അവൻ തന്റെ കൂട്ടുകാരോട് പങ്ക് വയ്ക്കുകയും കൂട്ടുകാരുടെ പിന്തുണയോടെ അത് നടപ്പിലാക്കുകയും ചെയ്യുകയായിരുന്നു.

ജനശ്രദ്ധ പിടിച്ചുപറ്റുന്ന ഒരു കലാരൂപം സൃഷ്ടിക്കുക എന്നതായിരുന്നു അവരുടെ ആശയം. എന്തുപ യോഗിച്ചു കലാരൂപം ചെയ്യണം എന്നവർ ആലോചിച്ചു. കൂട്ടുകാരുമായുള്ള കൂട്ടായ ചർച്ചകൾക്ക് ശേഷം വലിച്ചെറിയപ്പെട്ട പ്ലാസ്റ്റിക് കുപ്പിയുടെ അടപ്പുകൾ ഉപയോഗപ്പെടുത്തുവാൻ അവർ തീരുമാനിച്ചു. അമൻ ആനന്ദ്, അജിത് കൃഷ്ണൻ, പി.വിഷ്ണു, കെ.ജെ ജീവൻ, വി.സഞ്ജയ്, നിവേദ് സി.അനിൽ, പി.എസ്.പൂജ, മിത്ര മനോജ് എന്നീ വിദ്യാർത്ഥികളുടെ ഭാവനയെ യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരാൻ അവരോടൊപ്പം നിന്നത് അധ്യാപകരായ ഷീലയും, അഖിലുമായിരുന്നു പ്രധാനാധ്യാപകനായ അനിൽപിള്ളയുടെ പൂർണ്ണ പിന്തുണ കൂടെ ആയപ്പോൾ അവർ മുന്നിട്ടിറങ്ങി. സ്കൂളിലെ വിദ്യാർത്ഥികളിൽ നിന്നും വീടുകളിൽ നിന്നുമായി ആയിരത്തിലധികം ഉപയോഗശൂന്യമായ കുപ്പിയുടെ അടപ്പുകൾ ശേഖരിച്ചു. ഒരു കഥകളി രൂപമാണ് അവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയത്.

ഒഴിവു സമയങ്ങളിലും, പതിവ് ക്ലാസുകൾക്ക് ശേഷമുള്ള സമയവും അതിനായി വിനിയോഗിച്ചു. അവരവരുടെ വീടുകളിലെ മാലിന്യസംസ്കരണത്തിന്റെ കാര്യത്തിലും അതീവ ശ്രദ്ധ പുലർത്തുന്നു. ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതിനും പ്രത്യേകമായി ശേഖരിക്കുന്നതിനും അവർ ശ്രദ്ധ നൽകുന്നു. അതോടൊപ്പം സ്കൂളിലെ മറ്റു വിദ്യാർത്ഥികൾക്കിട യിലും മാലിന്യം കൈകാര്യം ചെയ്യുതിനെക്കുറിച്ചു ബോധവൽക്കരണം നടത്തുവാനും ഈ കൂട്ടുകാർ മുൻകൈ എടുക്കുന്നുണ്ട്.

ഖരമാലിന്യ സംസ്കരണ രീതികളിൽ ഏർപ്പെടുതിനും പുനരുപയോഗം, എന്ന ആശയം പ്രചരിപ്പിക്കുന്ന തിനും ഈ പ്രയത്നം തീർച്ചയായും മറ്റ് വിദ്യാർത്ഥികൾക്ക് പ്രചോദനമാകും.










10
തുഞ്ചൻ സ്മാരകം
തിരൂർ
THUNCHAN MEMORIAL TRUST
തുഞ്ചൻ സ്മാരക ട്രസ്റ്റ്
പുസ്തകപ്പുര

മലപ്പുറം




NAISHA FATHIMA K
SHAN RAHMAN K

മാലിന്യ സംസ്കരണത്തിന്റെ ഗൃഹപാഠം

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ പതിനാലാം വാർഡിൽ താമസിക്കുന്ന, ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനായ നവാസ് കറുത്തേടത്തിന്റെയും സഹീറയുടെയും മക്കളാണ് 11 വയസ്സുകാരൻ ഷാൻ റഹ്മാനും, 7 വയസ്സുകാരി നൈഷാ ഫാത്തിമയും. വീടിന്റെ സമീപ പ്രദേശത്ത് പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ മണം അനുഭവപ്പെട്ടപ്പോൾ, 'നമുക്ക് മാലിന്യം ശരിക്കും വേർതിരിച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറരുതോ' എന്ന ചോദ്യമുയർന്നത് ഷാനിന്റെ മനസ്സിലായിരുന്നു. അത് നടപ്പിലാക്കാൻ പിതാവിന്റെ പിന്തുണയോടെ, വീടിന്റെ ഓരോ മുറിയിലും ഓരോ ബിൻ സ്ഥാപിക്കുകയും, മിഠായി കടലാസ് പോലുള്ള ചെറിയ പ്ലാസ്റ്റിക് പാക്കറ്റുകൾ പോലും അതാത് ബിന്നിൽ നിക്ഷേപിച്ച്, പിന്നീട് അവയെ വേർതിരിച്ച് ഹരിത കർമ്മസേനക്ക് കൈമാറാനുള്ള തീരുമാനവും കൈക്കൊണ്ടു. സോഷ്യൽ മീഡിയയുടെ ശക്തിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഷാനും സഹോദരിയും മാലിന്യം വേർതിരിക്കുന്നതിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്ന ഒരു വീഡിയോ നിർമിക്കാൻ തീരുമാനിച്ചു. സ്മാർട്ട്ഫോൺ ഉപയോഗിച്ചുകൊണ്ട് അവർ തങ്ങളുടെ സന്ദേശം ആകർഷകവും എല്ലാ വരിലേക്കും എത്താവുന്നതുമായ രൂപത്തിൽ പകർത്തി വിവിധ സോഷ്യൽ മീഡിയ ഗ്രൂപ്പിൽ ഷെയർ ചെയ്തു.

ഷാൻ 2024 ജനുവരി 13 ന് സോഷ്യൽ മീഡിയയിൽ പങ്കിട്ട വീഡിയോ മണിക്കൂറുകൾക്കുള്ളിൽ പ്രസിദ്ധി നേടി. വീഡിയോ പ്രചരിച്ചതോടെ വള്ളികുന്നിൽ മാലിന്യം വേർതിരിക്കുന്നതിനുള്ള പ്രസ്ഥാനവും സജീവമായി. കുടുംബങ്ങൾ അവരുടെ വീടുകളിൽ തരം തിരിക്കൽ രീതികൾ നടപ്പിലാക്കാൻ തുടങ്ങി. പ്രാദേശിക ബിസിനസ്സുകാർ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾ ആരംഭിച്ചു. ഹരിത കർമ്മസേനയെ ആദരിക്കാൻ അടുത്തിടെ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച യോഗത്തിൽ ഷാനിനെയും അനിയത്തിയെയും അനുമോദിച്ചിരുന്നു.

തന്റെ അചഞ്ചലമായ സമർപ്പണത്തിലൂടെയും സോഷ്യൽ മീഡിയയുടെ ശക്തി പ്രയോജപ്പെടുത്തിയും ഷാൻ ഒരു ലളിതമായ ആശയത്തെ ഒരു പ്രസ്ഥാനമാക്കി മാറ്റി. ചെറിയ ശബ്ദങ്ങൾക്ക് പോലും വലിയ മാറ്റത്തിന് തിരികൊളുത്താൻ കഴിയുമെന്ന് തെളിയിച്ചു.









11



കോഴിക്കോട്


KERALA POLICE

പ്രകൃതിക്ക് കാവലായി ദേവിക

അസുഖം വന്ന് ആശുപത്രിയിൽ കിടന്നപ്പോഴാണ് എട്ടുവയസുകാരി ദേവിക മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഒരു സന്നദ്ധസംഘടന നടത്തിയ ക്ലാസിനെപ്പറ്റി ഓർമ്മിച്ചത്. ഓരോ ആശുപത്രിയിലും എന്തെല്ലാം തരം മാലിന്യങ്ങളാണ് ഓരോ ദിവസവും ഉണ്ടാകുന്നത്. മാലിന്യ സംസ്കരണം കൃത്യമായ രീതിയിൽ നടത്തണമെന്നും മറ്റുള്ളവർക്ക് അതിനെ കുറിച്ച് ബോധവത്ക്കരണം കൊടുക്കണമെന്നും അന്ന് അവൾ മനസ്സിൽ ഉറപ്പിച്ചു.

മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യം മനസിലാക്കി സ്വന്തം വീട്ടിൽ നിന്ന് ആരംഭിച്ച ദേവിക അത് ചുറ്റുവട്ടമുള്ള ആളുകളിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളും ചെയ്ത് വരുന്നു. ചില്ലുകൾ, പ്ലാസ്റ്റിക്, പേപ്പർ, തുണികൾ തുടങ്ങിയവ വീട്ടിൽ വേർതിരിച്ചു ഹരിതകർമ സേനക്ക് നൽകുന്നതിൽ ദേവിക മുൻകൈ എടുക്കുന്നു.

ദേവിക അടുത്തുള്ള വീടുകൾ സന്ദർശിക്കുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഹരിത കർമ്മ സേനക്ക് കൈമാറേണ്ട ആവശ്യകതയെ ക്കുറിച്ചു മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുക യും ചെയ്യാറുണ്ട്. കൂടാതെ റോഡരികിലെ കാടുകൾ വൃത്തിയാക്കിയും ഖര മാലിന്യങ്ങൾ ശേഖരിച്ചും ഈ കുട്ടി മറ്റുള്ളവർക്ക് പ്രചോദനമാകുന്നു. ദേവികയുടെ മാലിന്യപരിപാലന പ്രവർത്തനങ്ങൾക്കു പൊൻതൂവൽ ആയത് കഴിഞ്ഞ മണ്ഡല കാലത്ത് ശബരിമലയിലെത്തിയ ദേവിക തിരിച്ചു വരുന്ന വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് പമ്പയിൽ പൊലീസിന് കൈമാറിയ സംഭവമാണ്. ഈ വർഷത്തെ അക്ഷയശ്രീ കുട്ടികർഷക അവാർഡ് ദേവികയ്ക്കാണ് ലഭിച്ചത്. ഈ പ്രവർത്തനങ്ങളിലെല്ലാം നാട്ടുകാരുടെ പിന്തുണ ദേവികയ്ക്ക് ലഭിക്കുന്നു. വിവിധ സ്ഥലങ്ങളിലായി 333 വൃക്ഷ തൈകൾ ദേവിക ഇതിനകം നട്ടു കഴിഞ്ഞു. 1500 ഓളം വിവിധ ഇനത്തിൽപ്പെട്ട വൃക്ഷതൈകൾ സ്വന്തം വസതിയിൽ ദേവിക ശേഖരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ ദേവികയുടെ താല്പര്യവും ആത്മവിശ്വാസ വും സമൂഹത്തിന് പ്രചോദനവും പ്രതീക്ഷയുമാണ്.







12



വയനാട്


PEE SAFE
REUSABLE SANITARY PADS
ANTI-BACTERIAL
SITRA TESTED
ABSORBENCY
NITRA TESTED
60 WASHES
TUV TESTED
REGULAR
3 PIECES
OVERNIGHT
1 PIECE

ചുവന്ന മലരുകൾ വിടരുമ്പോൾ

ജൊവാന ജുവലിന് സമൂഹത്തോട് പറയാനുള്ളത് പ്രകൃതിയോടുള്ള തന്റെ നിഷ്കളങ്കമായ സ്നേഹത്തെ കുറിച്ചാണ്. കലാരംഗത്തും സാമൂഹിക സേവനത്തിലും ഒരു പോലെ മികവ് തെളിയിച്ച ജൊവാന, മാനന്തവാടി ജി.വി.എച്ച്.എസ്.എസിലെ പ്ലസ് ടു വിദ്യാർത്ഥിനിയാണ്. എട്ടാം ക്ലാസ് മുതൽ എൻസിസിയിൽ വളരെ ഊർജ്ജസ്വലതയോടെ പ്രവർത്തിച്ച കുട്ടി പ്രകൃതി സംരക്ഷണ വെബിനാറുകളുടെയും പ്രചോദനത്താലാണ് സാമൂഹികപ്രവർത്തനരംഗത്തേക്ക് വന്നത്.



കിഡ്സ്റൈറ്റ്സിന്റെയും കൂട് ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ ആരംഭിച്ച 'സ്മൈലി ഡേ' പദ്ധതിയിൽ ചേർന്ന് പ്രവർത്തിച്ചതാണ് ജൊവാനയുടെ ജീവിതത്തിൽ വഴിത്തിരിവായത്.

ഇതിന്റെ ഭാഗമായി കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള ആർത്തവ ശുചിത്വ ബോധവൽക്കരണ ക്ലാസുകളും, ഫ്രീ പാഡ്സ് ഫോർ ഇന്ത്യ സ്പോൺസർ ചെയ്ത റീയൂസബിൾ പാഡ്സ്, ഇല ഗ്രീൻ സ്പോൺസർ ചെയ്ത ബയോ പാഡ്സ് എന്നിവയും വിതരണം നടത്തിവരുകയാണ്. കുഴിച്ചിട്ടാൽ മണ്ണിൽ ദ്രവിച്ചു ചേരുന്നവയാണ് ഈ പാഡുകൾ. ഇതിലൂടെ ഈ പദ്ധതി വയനാടിന്റെ ഉൾമേഖലകളിലുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട കൗമാരക്കാരായ പെൺകുട്ടികൾ ഉൾപ്പടെയുള്ളവർക്ക് ഏറെ പ്രയോജനകരമാണ്.

പഠന കാലത്തുതന്നെ തന്റെ ചുറ്റുപാടുമുള്ള പ്രശ്നങ്ങൾ പത്ര വാർത്തയിലൂടെ പുറംലോകത്തെ അറിയിക്കുകയും പരിഹാരം ഉണ്ടാക്കുന്നതുവരെ അതിനു വേണ്ടി പോരാടുകയും ചെയ്ത ജൊവാനക്ക് 2021 ലെ മാതൃഭൂമി മികച്ച സീഡ് റിപ്പോർട്ടർ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കൂട് ഫൗണ്ടേഷൻ 'വി' ഐക്കൺ 2021 പുരസ്കാരം മുൻ രാഷ്ട്രപതി ഡോ.എ പി ജെ അബ്ദുൾ കലാമിന്റെ 92 -ാം ജന്മദിനത്തോടനുബന്ധിച്ചു വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് നൽകിവരുന്ന അബ്ദുൾ കലാം ബാലപ്രതിഭ പുരസ്കാരം 2023, വ്യത്യസ്ത മേഖലകളിൽ കഴിവു തെളിയിച്ചിട്ടുള്ള കുട്ടികൾക്ക് വനിതാ ശിശു വികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ഉജ്ജ്വല ബാല്യ പുരസ്കാരവും ജൊവാനയെ തേടിയെത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഇന്റർനാഷണൽ സ്റ്റാർ കിഡ്സിന്റെ 'സ്റ്റാർ അച്ചീവർ 2024 പുരസ്കാരം, കേരളത്തിലെ പട്ടിക വർഗ്ഗവിഭാഗത്തിൽ പെടുന്ന പെൺകുട്ടികൾക്കും



മറ്റ് കൗമാരക്കാരായ പെൺകുട്ടികൾക്കുമായി ജൊവാന നടത്തിവരുന്ന സ്മൈലി ഡേ പ്രോജക്ടിന് ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരിൽ നിന്നും അനുമോദനവും ലഭിച്ചിട്ടുണ്ട്.



സാമൂഹ്യ മേഖലയിൽ എന്ന പോലെ കലയിലും പ്രാവീണ്യം തെളിയിച്ചിട്ടുണ്ട് നമ്മുടെ ഈ കുട്ടിതാരം. പഠനത്തോടൊപ്പം സാമൂഹിക സേവനവും മോഡലിങ്ങും ഗൗരവത്തോടെ കാണുന്ന ഈ കൊച്ചുമിടുക്കിക്ക് കുട്ടികളെ ശുശ്രൂഷിക്കുന്ന ഒരു ഡോക്ടർ ആകാനാണ് താല്പര്യം.


13
കണ്ണൂർ





കരുതലായി കുഞ്ഞു കരങ്ങൾ

മുഹമ്മദ് ഷിഫാസും, മുഹമ്മദ് ഹാദിയും കളിക്കാൻ പോയി തിരിച്ച് വരുന്ന വഴിയാണ് ചാക്കിൽ മാലിന്യങ്ങളുമായി നടന്ന് നീങ്ങുന്ന ഹരിതകർമ്മ സേനാംഗങ്ങളെ കണ്ടത്. 'ചേച്ചിമാരെ... ഞങ്ങള് സഹായിക്കണോ ' എന്ന ഇരുവരുടേയും ചോദ്യത്തിന് മുന്നിൽ ഒന്ന് ചിരിച്ചിട്ട് വേണ്ടെന്ന് ചേച്ചിമാർ പറഞ്ഞു. പക്ഷെ, വിടാൻ അവർ തയ്യാറായില്ല. ഹരിതകർമ്മസേനാംഗങ്ങളുടെ കൈയ്യിൽ നിന്നും ചാക്ക് വാങ്ങി സൈക്കിളിൽ വച്ച് അവർ നീങ്ങി. ഈ ചിത്രം സമൂഹമാധ്യമങ്ങളിൽ വന്ന് ചർച്ചയായതോടെ ഇരുവരും നാട്ടിലെ താരങ്ങളായി. വീടുകളിലേയും സ്ഥാപനങ്ങളിലേയും മാലിന്യം ശേഖരിച്ച് നാട് ശുചിയാക്കുന്നതിൽ ഹരിതകർമസേനയ്ക്കൊപ്പം ഈ കുട്ടികളും ഭാഗമായിരിക്കുകയാണ്. കണ്ണൂർ കുറുമാത്തൂർ സൗത്ത് യു.പി സ്കൂളിലെ വിദ്യാർത്ഥികളാണ് ഇരുവരും. ഇരുവരുടേയും ഈ പ്രവർത്തിയെ അഭിനന്ദിച്ച് നാട് മുഴുവൻ കൈയ്യടിക്കുമ്പോഴും ഞങ്ങൾ അതിന് വലിയ കാര്യമൊന്നും ചെയ്തില്ലല്ലോ എന്ന ഭാവമാണ് ഇരുവർക്കും.

14



കാസർഗോഡ്



ശുചിത്വത്തിനായി കുട്ടി സേന

മലിനീകരണത്തിനെതിരെ പുതിയ ചുവടു വയ്പുമായി വിദ്യാർത്ഥിസേന. ഖരമാലിന്യ പരിപാലനം വലിയ വെല്ലുവിളികൾ നേരിടുന്ന സമയത്താണ് കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിന്റെ പുത്തൻ മാതൃക നാട്ടിൽ വലിയ ചർച്ചാവിഷയമാകുന്നത്. 'കുട്ടികളുടെ ഹരിതകർമ്മസേന' എന്ന നൂതനാശയം പഞ്ചായത്തിലെ 9 സ്കൂളുകളിലും നടപ്പിലാക്കിയതിന്റെ അഭിമാനത്തിലാണ് പഞ്ചായത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സ്കൂൾ അധികൃതരും. എളുപ്പത്തിലും കാര്യക്ഷമമായും നാട്ടിൽ മാറ്റം കൊണ്ടുവരാൻ കഴിവുള്ളത് കുട്ടികൾക്കാണ്. ഒരു കൂട്ടം കുട്ടികൾ മാതൃകാപരമായ കാര്യങ്ങൾക്ക് മുന്നിട്ടിറങ്ങിയാൽ അവരെ പിന്തുടരാനും പിന്തുണയ്ക്കാനും കൂട്ടുകാരും ഇറങ്ങും. ഇതിലൂടെ നാടിനും സമൂഹത്തിനും വലിയ മാറ്റങ്ങൾ എത്തിക്കാൻ കഴിയും. ഇത്തരം ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പുല്ലൂർ -പെരിയ ഗ്രാമപഞ്ചായത്ത് 'കുട്ടികളുടെ ഹരിതകർമ്മസേനയെന്ന' ആശയം പ്രാവർത്തികമാക്കിയത്. കുട്ടികളുടെ ഹരിത കർമ്മസേന പ്രവർത്തകർ ശുചീകരണ തൊഴിലാളികൾ അല്ല. സ്കൂളിലെ ശുചിത്വവും ശുചിത്വ പ്രവർത്തനങ്ങളും മോണിറ്റർ ചെയ്യുക യാണ് അവർ ചെയ്യുന്നത്. ഒരു സ്കൂളിൽ നിന്നും 10 കുട്ടികൾ അടങ്ങുന്നതാണ് കുട്ടികളുടെ ഹരിത കർമ്മസേന. നിലവിൽ 9 സ്കൂളുകളിലായി 90 കുട്ടികളാണ് ഈ സേനയിൽ ഉള്ളത്. ഓരോ സ്കൂളിലും കുട്ടികളുടെ ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ഒരു അധ്യാപിക/അധ്യാപകനെ ചുമതലപ്പെടുത്തുന്നു. പഞ്ചായത്തിൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ആണ്. കുട്ടികളുടെ ഹരിതകർമ്മ സേന പ്രവർത്തകർക്ക് ഐഡന്റിറ്റി കാർഡ്, യൂണിഫോറം, മിനുട്സ്, രജിസ്റ്റർ എന്നിവ പഞ്ചായത്തിൽ നിന്നും നല്കുന്നു. ഓരോ കുട്ടിക്കും മോണിറ്റർ ചെയ്യുന്നതിന് ക്ലാസ്സുകൾ തരം തിരിച്ച് നല്കും. ആ ക്ലാസ്സുകളിലെ ദൈനംദിന ശുചിത്വ പ്രവർത്തനങ്ങൾ ഇവർ വിലയിരുത്തുകയും അവരുടെ കയ്യിലുള്ള ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്യും. ക്ലാസ്സ് മുറികൾക്ക് പുറമെ പൊതു ഇടങ്ങളുടെ ശുചിത്വ മോണിറ്ററിംഗും ഇവർ ചെയ്യുന്നുണ്ട്. എല്ലാമാസവും അവസാനത്തെ വെള്ളിയാഴ്ച ഉച്ചക്ക് ശേഷം കുട്ടികളുടെ ഹരിത കർമ്മസേന അവലോകന യോഗം ചേരുന്നു. ഈ യോഗത്തിൽ എല്ലാ കുട്ടി ഹരിത കർമ്മസേന പ്രവർത്തകരും ക്ലാസ്സ് ലീഡർമാരും സ്കൂൾ ലീഡറും പങ്കെടുക്കണം. ചുമതല യുള്ള ടീച്ചറാണ് യോഗം വിളിച്ച് ചേർക്കേണ്ടത്. സ്കൂൾ ലീഡർ ചടങ്ങിന് അധ്യക്ഷത വഹിക്കും ഹെഡ്മാസ്റ്റർ, വാർഡ് മെമ്പർ, വാർഡിലെ ഹരിതകർമ്മസേന പ്രവർത്തക എന്നിവർ ചടങ്ങിൽ സംബന്ധിക്കുന്നതാണ്. ഓരോ കുട്ടി ഹരിതകർമ്മ സേന പ്രവർത്തകരും അവർ തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിക്കുന്നു. അതിൽ അവർ കണ്ടെത്തിയ പോരായ്മകളും നിർദ്ദേശങ്ങളും ഉണ്ടാകും. അവലോകന യോഗത്തിന്റെ മിനുട്സിൽ പൊതു നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്നു. ഓരോ ക്ലാസ്സിലേക്കും ഉള്ള ശുചിത്വ ഉപകരണങ്ങളുടെ അവശ്യങ്ങൾ മിനുട്സ് മുഖേന സ്കൂൾ മേധാവിക്കോ പിടിഎ ക്കോ കൈമാറേണ്ടതാണ്. ഇതിന് പുറമെ ഉള്ള ആവശ്യങ്ങൾ മിനുട്സിൽ രേഖപ്പെടുത്തി പഞ്ചായത്തിലോ ശുചിത്വ മിഷനിലോ സമർപ്പിക്കുന്നു.കുട്ടി ഹരിതകർമ്മസേന പ്രവർത്തകർക്കുവേണ്ടി ശുചിത്വ ബോധവത്ക്കരണവുമായി ബന്ധപ്പെട്ട ഏകദിന ക്യാമ്പുകളും ക്വിസ് മത്സരങ്ങളും ചിത്രരചനാ മത്സരങ്ങളും മറ്റും പഞ്ചായത്ത് നടത്തിവരുന്നു.







നമ്മളാണ്
മാറ്റം

കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP)

തദ്ദേശ സ്വയംഭരണ വകുപ്പ് കേരള സർക്കാർ
താഴത്തെ നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,
തിരുവനന്തപുരം– 695 014

SCAN ME

വീഡിയോകൾക്കായി
സ്കാൻ ചെയ്യുക



91 471 2333011

www.kswmp.org

spmukswmp@gmail.com